പരമ്പരാഗത വ്യവസായ മേഖലയ്ക്ക് 2001-2002 മുതൽ വകയിരുത്തിയ തുക

32 [3039] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് 2001-2002 മുതൽ ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ചത് എത്രയാണ്;

(സി) പരമ്പരാഗത വ്യവസായം പുനരുദ്ധരിക്കുന്നതിന് ഇപ്പോൾ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി)

	വകയിരുത്തിയ തുക (കോടി)	ചെലവഴിച്ച തുക (കോടി)
കരകൗശലം		
2001-2002	3.72	2.4171
2002-2003	2.03	1.3469
2003-2004	2.06	1.3600
2004-2005	2.26	. .
കൈത്തറി		
2001-2002	21.2	31.74
2002-2003	12.37	26.69
2003-2004	25.925	26.15
ഖാദി-ഗ്രാമ വ്യവസായ		
2001-2002	8.71	7.13
2002-2003	4.71	4.01
2003-2004	4.831	4.081
കയർ		
2001-2002	45.521	29.4126
2002-2003	20.8375	17.4510
2003-2004	15.10	9.283
കശുവണ്ടി		
2001-2002	4.08	4.08
2002-2003	4.50	4.50
2003-2004	2.00	. .

LIBRARY ARCHIVES Kerala Legislative Assembly

(സി) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുവേണ്ടി 500 കോടി രൂപയുടെ പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. ഇതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

33 [3041] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓട് വ്യവസായ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ഓട് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്ര ഓട് കമ്പനികൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഓട് വ്യവസായത്തിൽ വൈവിദ്ധ്യവൽക്കരണവും കയറ്റുമതിയുമായി ബന്ധപ്പെടുത്തി വികസന പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ വിശദമാക്കാമോ;

(ഡി) ഓട് വ്യവസായത്തിന് ആവശ്യമായ മണ്ണ് ലഭിക്കുന്നതിനും വിറക്, മണ്ണെണ്ണ എന്നിവ ലഭിക്കുന്നതിനും ഇന്ന് നേരിടുന്ന ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിന് സർക്കാർ ഒരു കമ്മറ്റിയെ നിയോഗിച്ചു. ഈ കമ്മറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയുടെ നവീകരണത്തിനും, തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു. ഇതിലേയ്ക്കായി തിരുവനന്തപുരം റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി സഹകരിച്ച് രണ്ടായിരാമാണ്ടിൽ പ്രവർത്തനം ആരംഭിച്ച പദ്ധതിക്കു സംസ്ഥാന സർക്കാർ 30.82 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ 'റിസോഴ്സ് മാപ്പിംഗ്' പൂർത്തിയായിവരുന്നു. കൂടാതെ 'ഡവലപ്മെന്റ് ആന്റ് ഡമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ' എന്ന പദ്ധതിക്കായി 23 ലക്ഷം രൂപയും റീജയണൽ റിസർച്ച് ലബോറട്ടറിക്ക് അനുവദിച്ചു. ഇതിന്റെ ട്രയൽ റൺ നടത്തിക്കഴിഞ്ഞു. കമേഴ്സ്യലൈസേഷനുള്ള നടപടി പൂർത്തിയായിവരുന്നു. കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് ഊർജ്ജ സംരക്ഷണം നടത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ടി യൂണിറ്റുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ക്രമീകരണങ്ങൾ നടപ്പാക്കിവരുന്നു. നിലവിലുള്ള യൂണിറ്റുകളുടെ 'ക്ളസ്റ്ററുകൾ' രൂപീകരിച്ച് ഈ യൂണിററുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly